"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരളീയ പ്രവാസികാര്യ വകുപ്പ് - നോർക്ക ശുഭയാത്ര പദ്ധതി (2025-26) - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.654/2025/NORKA തീയതി,തിരുവനന്തപുരം, 11-06-2025

---

പരാമർശം:-
1. നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 07.05.2025 തീയതിയിലെ ROOTS/283/2025-AD2 നമ്പർ കത്ത്
2. 13.05.2025 തീയതിയിൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

സാമ്പത്തികമായി ബുദ്ധിമുട്ടുന്നവരെ വിദേശ ജോലി എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് സഹായിക്കുകയെന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് 'നോർക്ക ശുഭയാത്ര'. രണ്ട് ഉപ പദ്ധതികളായാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(A) **പ്രവാസി നൈപുണ്യ വികസന സഹായ പദ്ധതി** (Scheme for Foreign Employability Skilling Assistance):- ആരോഗ്യ മേഖലയിലെ നഴ്സുമാർ, ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് തുടങ്ങിയവരിൽ ഒരു വിഭാഗം - വിദേശ ജോലി നേടുന്നതിനായി അവശ്യം ആർജ്ജിക്കേണ്ട നൈപുണ്യ വികസനത്തിനായി വേണ്ടി വരുന്ന ചെലവുകൾ നേരിടാൻ ബുദ്ധിമുട്ടുന്ന സാഹചര്യമാണുള്ളത്. വിദേശ ഭാഷാ പരിശീലനം അതിന്റെ പരീക്ഷാഫീസ്, മറ്റു റഗുലേറ്ററി പരീക്ഷകൾക്കുള്ള പരിശീലനവും പരീക്ഷാ ഫീസ്, പരിശീലന കാലയളവിലെ ഹോസ്റ്റൽ, ഭക്ഷണം തുടങ്ങിയ ചെലവുകൾ നേരിടാൻ കഴിയാത്തതിനാൽ വിദേശ ജോലി എന്ന സ്വപ്നം നടക്കാതെ പോകുന്ന യുവാക്കൾക്ക് കുറഞ്ഞ പലിശയിൽ ധനകാര്യ സ്ഥാപനങ്ങൾ മുഖേന വായ്പ ലഭ്യമാക്കാനും അതിന് പലിശ സബ്സിഡി നൽകുന്നതിനും ഇതു വഴി ലക്ഷ്യമിടുന്നു.

(B) **വിദേശ തൊഴിലിനായുള്ള യാത്രാ സഹായ പദ്ധതി** (Scheme for Foreign Employment Travel Assistance):- കേരളത്തിലെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ പലപ്പോഴും വിദേശ തൊഴിലവസരങ്ങൾ ആഗ്രഹിക്കുന്നുണ്ട്. വിദേശത്ത് തൊഴിൽ വിസ ലഭ്യമായാൽ റിക്രൂട്ടിംഗ് കമ്പനികൾക്കുള്ള സേവന നിരക്കുകൾ, വിസ സ്റ്റാമ്പിങ് നിരക്കുകൾ, മെഡിക്കൽ പരിശോധന, വിമാന ടിക്കറ്റ്, വാക്സിൻ തുടങ്ങി അനവധി ചെലവുകൾ വിദേശ ജോലിക്കായി പോകുന്നവർക്ക് വഹിക്കേണ്ടി വരുന്നു. കുറഞ്ഞ വരുമാനമുള്ള കുടുംബങ്ങൾക്ക് പലപ്പോഴും ഇത് താങ്ങുവാൻ കഴിയുന്നതല്ല. ഈ സാഹചര്യത്തിൽ വിദേശത്തേക്ക് പോകുന്നവർക്ക് ഒരു കൈത്താങ്ങാണ് ഈ പദ്ധതി. ഇന്ത്യാ ഗവൺമെന്റിന്റെ ഇ-മൈഗ്രേറ്റ് പോർട്ടലിൽ പേര് പ്രദർശിപ്പിച്ചിട്ടുള്ളതും രജിസ്റ്റർ ചെയ്തതുമായ റിക്രൂട്ടിംഗ് ഏജൻസികൾ മുഖേന ലഭിക്കുന്ന ജോബ് ഓഫറിന്റെ അടിസ്ഥാനത്തിൽ വിദേശത്ത് തൊഴിൽ ലഭ്യമായവർക്ക് വിദേശയാത്രയുമായി ബന്ധപ്പെട്ട പ്രാരംഭ

ചെലവുകൾക്കായി 2 ലക്ഷം രൂപ വരെ ധനകാര്യ സ്ഥാപനങ്ങൾ മുഖേന ലഭ്യമാകുന്ന വായ്പയ്ക്ക് പലിശ സബ്‌സിഡി നൽകുന്നതിന് ഇതു വഴി ഉദ്ദേശിക്കുന്നു.

2) 'നോർക്ക ശുഭയാത്ര' പദ്ധതിയ്ക്കായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനാവശ്യമായ ഭരണാനുമതി നൽകണമെന്ന് നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. 13.05.2025 തീയതിയിൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നോർക്ക ശുഭയാത്ര പദ്ധതി നടപ്പ സാമ്പത്തികവർഷം (2025-26) നടപ്പിലാക്കുന്നതിന് 100.00 ലക്ഷം രൂപ (നൂറ് ലക്ഷം രൂപ മാത്രം) 6250-60-800-92 പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ച് ചുവടെ പ്രതിപാദിച്ചിട്ടുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

| Sl. No. | Components | Amount (in Lakh) |
|---|---|---|
| 1 | Foreign Employability Skilling Assistance | 70 |
| 2 | Publicity | 10 |
| 3 | Other Administrative Office Expenses including Printing of Brochures, Pamphlets, Manpower expenses including purchase of computer and hardware | 10 |
| 4 | Software support | 10 |
| TOTAL | | 100 |

4) ടി പദ്ധതി നടത്തിപ്പിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പ്രസക്തമായ എല്ലാ ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കർശനമായും പാലിക്കുന്നുണ്ടെന്ന് നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കൃത്യമായി ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി സുനിൽ കുമാർ
അഡിഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം.
ജില്ല ട്രഷറി ഓഫീസർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണവും സാമ്പത്തികകാര്യവും (സി.പി.എം.യു.) വകുപ്പ്
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Githin. S. V
Date: 11-06-2025 11:02:47

സെക്ഷൻ ഓഫീസർ